(ബി) എങ്കിൽ പ്രസ്തുത പ്രശ്നങ്ങൾ എന്തൊക്കെയാണെന്നും ഓരോ ജില്ലയിലും ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നും അറിയിക്കുമോ;

(സി) ഖരമാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങളിലെ അപാകതയെപ്പറ്റി പഠിക്കാൻ സുപ്രീംകോടതി ശ്രീ. ആസിംബർമാൻ ചെയർമാനായി നിയോഗിച്ച വിദഗ്ധ സമിതിയുടെ റിപ്പോർട്ടിന്മേൽ സംസ്ഥാന ഗവണ്മെന്റിനോട് അഭിപ്രായമറിയിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ സംസ്ഥാന ഗവണ്മെന്റ് എന്തൊക്കെ നിർദ്ദേശങ്ങൾ നൽകിയെന്നും അവ ഏതൊക്കെ സംസ്ഥാനത്ത് പ്രാവർത്തികമാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) ഖരമാലിന്യങ്ങൾ പൊതുസ്ഥലങ്ങളിൽ അശാസ്ത്രീയമായി നിക്ഷേപിക്കുന്നതുമൂലം ജലം, വായു മലിനീകരണപ്രശ്നങ്ങൾ ഉണ്ടാക്കുന്നു. ഖരമാലിന്യങ്ങൾ ശാസ്ത്രീയമായി കൈകാര്യം ചെയ്യുന്നതിനുള്ള മാർഗ്ഗങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കാനുള്ള ശ്രമങ്ങൾ നടന്നു വരുന്നു. 1994 ലെ കേരള മുനിസിപ്പൽ നിയമം അനുസരിച്ച് ചപ്പുചവറുകൾ ശേഖരിച്ച്, സംസ്ക്കരിച്ച് സുരക്ഷിതമായി നിർമ്മാർജ്ജനം ചെയ്യാനുള്ള ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരസഭകളിൽ ഖരമാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിന് കംപോസിറ്റിംഗ് പ്ലാന്റുകൾ സ്ഥാപിക്കാനുള്ള നടപടികൾ വിവിധ ഘട്ടത്തിലാണ്.

(സി) ശ്രീ. ആസിംബർമാൻ ചെയർമാനായി സുപ്രീംകോടതി നിയോഗിച്ച വിദഗ്ധസമിതിയുടെ റിപ്പോർട്ടിന്റെ പകർപ്പ് സംസ്ഥാന ഗവണ്മെന്റുകൾക്ക് അയയ്ക്കുകയും മുനിസിപ്പൽ കോർപ്പറേഷനുകളുടെ അഭിപ്രായങ്ങൾ സ്വരൂപിച്ച് റിപ്പോർട്ട് ചെയ്യാണമെന്ന് കോടതി ഉത്തരവാകുകയും ചെയ്തു. ആയതു പ്രകാരം സംസ്ഥാന സർക്കാരിന്റെ അഭിപ്രായങ്ങൾ സുപ്രീംകോടതിയെ അറിയിച്ചിട്ടുള്ളത് അനുബന്ധം 1 ൽ ചേർത്തിരിക്കുന്നു.†

പാഴ്ജലം ശുദ്ധീകരിക്കുന്നതിന് നടപടി

195(906)ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ എസ്റ്റേറ്റ് ഫാക്ടറിയിൽ നിന്നും പുറത്തുവിടുന്ന പാഴ്ജലം ശുദ്ധീകരിക്കുന്നതിന് തൃപ്തികരമായ സംവിധാനം കമ്പനി ഏർപ്പെടുത്തിയിട്ടുണ്ടെന്ന് പൊല്യൂഷൻ കൺട്രോൾ ബോർഡ് റിപ്പോർട്ട് ചെയ്തതിനുശേഷവും ഫാക്ടറിയിൽ നിന്നും പുറത്തുവിടുന്ന വെള്ളത്തിൽ കുളിക്കുന്നവരുടെ ശരീരം ചൊറിഞ്ഞുതടിക്കുന്നതായി നാട്ടുകാരുടെ വ്യാപകമായ പരാതി ഉണ്ടായിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ മറ്റൊരേജൻസിയെ ഉപയോഗിച്ച് മലിനീകരണപ്രശ്നങ്ങൾ പരിശോധിക്കുന്നതിന് തയ്യാറാകുമോ;

(ബി) മലിനീകരണ നിയന്ത്രണ നിയമങ്ങൾ ലംഘിച്ചിരിക്കുന്ന ഫാക്ടറി അടച്ചു പൂട്ടുവാൻ എന്തെങ്കിലും നിയമ തടസ്സമുണ്ടോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ലെങ്കിൽ പ്രശ്നം പരിഹരിക്കുന്നതുവരെ ഫാക്ടറി പ്രവർത്തനം നിർത്തിവയ്ക്കാൻ ആവശ്യപ്പെടുമോ?

ഉത്തരം

(എ) 16.12.'99 -ൽ സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡ് ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ച് നിലവിലുള്ള മലിനീകരണ നിയന്ത്രണ സംവിധാനം പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ട് എന്ന് ഉറപ്പാക്കിയിട്ടുണ്ട്. ഫാക്ടറിയുടെ പ്രവർത്തനംമൂലം ഉണ്ടാകുന്ന പാഴ്ജലം ശുദ്ധീകരിച്ചതിനു ശേഷം ഫാക്ടറിയുടെ തന്നെ ഉടമസ്ഥതയിലുള്ള റബ്ബർ തോട്ടത്തിലേയ്ക്ക് ഒഴുക്കാനുള്ള സംവിധാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ഫാക്ടറിയുടെ പ്രവർത്തനം മുഖേനയുണ്ടാകുന്ന പാഴ്ജലം ശുദ്ധീകരിച്ച് കമ്പനിയുടെ റബ്ബർതോട്ടം നനയ്ക്കാനായി ഉപയോഗിക്കുന്നതിനാലും നദീജലവുമായി കല രാനുള്ള സാദ്ധ്യത ഒഴിവാക്കി ബണ്ടുകെട്ടിയിട്ടുള്ളതിനാലും കല്ലാറിലെ വെള്ളത്തിൽ കുളിക്കുന്നവരുടെ ശരീരം ചൊറിഞ്ഞുതടിക്കാനുള്ള സാദ്ധ്യത കാണുന്നില്ല. ഇപ്രകാരം അനുഭവപ്പെടുന്നതായി നാട്ടുകാരുടെ പരാതി യൊന്നും സമീപകാലത്ത് ബോർഡിന് ലഭിച്ചിട്ടില്ല എന്നറിയിച്ചിട്ടുണ്ട്.

(ബി)&(സി) മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ കമ്പനി മെച്ച പ്പെടുത്തി പര്യാപ്തമാക്കിയിട്ടുള്ളതിനാൽ ഫാക്ടറികൾ അടച്ചുപൂട്ടാൻ കാരണം കാണുന്നില്ല, എന്ന് ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഫാക്ടറി യിലെ പാഴ്ജലത്തിന്റെയും നദീജലത്തിന്റെയും ഗുണനിലവാരം ബോർഡ് തുടർന്നും പരിശോധിക്കുന്നതും ആവശ്യമെന്നുകണ്ടാൽ മേൽനടപടി സ്വീകരിക്കുന്നതുമാണ്.

ബേക്കഡുക്ക പ്രൈമറി ഹെൽത്ത് സെന്റർ

196(907) ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേക്കഡുക്ക പ്രൈമറി ഹെൽത്ത് സെന്ററിൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള അനുവാദം നൽകിയിട്ടുണ്ടോ എന്നറിയിക്കുമോ;

(ബി) എങ്കിൽ ഇതിനാവശ്യമായ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ;

(സി) ആവശ്യമായ സൗകര്യങ്ങൾ ഉണ്ടായിട്ടും രോഗികളെ കിടത്തി ചികിത്സിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതു സംബന്ധിച്ച് എന്തു നടപടിയാണ് എടുത്തിട്ടുള്ള തെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 27.1.99-ലെ സർക്കാർ ഉത്തരവ് പ്രകാരം പ്രസ്തുത പി.എച്ച്. സി.ക്ക് കിടത്തി ചികിത്സ ആരംഭിക്കുവാനുള്ള അനുവാദം കൊടുത്തിട്ടുണ്ട്.

(ബി) ഉണ്ട്.

(സി)&(ഡി) ഇവിടെ ജൂലായ് മാസം മുതൽ കിടത്തി ചികിത്സ ആരംഭി ച്ചിട്ടുണ്ട്. കിടത്തി ചികിത്സ നൽകിയ രോഗികൾ യഥാക്രമം ജൂലായ്-7, ആഗ സ്റ്റ്-20, സെപ്റ്റംബർ-11, ഒക്ടോബർ 10, നവംബർ-12 എന്ന നിലയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly